# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4351** **21.03.2018-ൽ മറുപടിക്ക്**

## വ്യാജ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ട്

ചോദ്യം | മറുപടി

ശ്രീ. കെ.എൻ.എ. ഖാദർ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ അപേക്ഷകൾ സർക്കാരിനു നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഫീസ് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങൾക്കും ഫീസ് നിശ്ചയിച്ചിട്ടില്ല. നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ചും നിരക്ക് നിശ്ചിയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് സർവ്വീസ് ചാർജ് നിശ്ചയിക്കുന്നതു സംബന്ധിച്ചുമുള്ള അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. നിലവിൽ നിരക്ക് നിശ്ചിയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അക്ഷയകേന്ദ്രങ്ങൾ വഴി സാധാരണക്കാരിൽ നിന്നും അമിത ചാർജ് ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ സേവനങ്ങൾക്ക് അമിത ചാർജ് ഈടാക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ട്. സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നതുൾപ്പെടെ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ ലഭിക്കുന്ന ഗുരുതരമായ പരാതികൾ അന്വേഷിക്കുന്നതിന് സർക്കാർ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരാതികളിന്മേൽ പ്രസ്തുത സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ ഫീസ് നിരക്ക് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കണമെന്ന് അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് പ്രദർശിപ്പിക്കുന്നതിന് ഏകീകൃത സ്വഭാവത്തിലുള്ള ബോർഡ് എല്ലാ കേന്ദ്രങ്ങളിലും സർക്കാരിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണിച്ചു വരുന്നു. |
| (സി) | വ്യാജ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങളുടെയും അവർക്കെതിരെ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | അക്ഷയ കേന്ദ്രങ്ങളുടെ ലോഗോയും സേവനങ്ങളും പ്രദർശിപ്പിച്ച് വ്യാജ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളെ സംബന്ധിച്ചും പത്ര മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. വ്യാപകമായി ജനസേവന കേന്ദ്രങ്ങൾ എന്ന പേരിലുള്ള സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ തൊട്ടടുത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ പുതിയ ഇത്തരം കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതു ലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്ര.ന | Service | Prevailing service charge fixed by Dept/Agency | Service charge to be collected from Public (Yes/No) |
|---|---|---|---|
| 1 | Aadhaar | Aadhaar Enrolment - Rs.43/- | No |
| | | Child Enrolment through Tab - Rs.22/- | No |
| | | Aadhaar updation - Rs.25/- | Yes |
| | | Aadhaar search and colout print in A4 sheet - Rs.20/- | Yes |
| | | Aadhaar search and black & white print in A4 sheet - Rs.10/- | Yes |
| | | Aadhaar printing through PVC card - Rs.25/- | Yes |
| 2 | e-District services | Rs.17 for general + Rs.2/- per page for Scanning/printing.<br>Rs.15 for BPL + Rs.2/- per page for Scanning/printing.<br>Rs.10 for SC/ST + Rs.2/- per page for Scanning/printing. | Yes |
| 3 | KSEB | Amount Upto 1000 - Rs.10/-<br>1001-5000 - Rs.20/-<br>More than 5000 - 0.5% of the amount | Yes |
| 4 | KWA | Amount Upto 1000 - Rs.10/-<br>1001-5000 - Rs.20/-<br>More than 5000 - 0.5% of the amount | Yes |
| 5 | BSNL | Amount Upto 1000 - Rs.10/-<br>1001-5000 - Rs.20/-<br>More than 5000 - 0.5% of the amount | No |
| 6 | RSBY-CHIS Health Card | Rs.15 for Registration | No |
| 7 | Ration Card | Rs.25/- | Yes |
| 8 | Treatment Grantz | Rs.40/- | No |
| 9 | E-grantz | Rs.21 for new entry<br>Rs.16 for renewal | No |
| 10 | SC Pre-matric scholarship | Rs.12/- | No |
| 11 | KNRK Registration | Amount Upto Rs. 500 - Rs.6<br>From 501 to 1000 - Rs.11<br>above 1000 - Rs.15 | Yes |
| 12 | Voter's ID registration | Rs.25/- | Yes |
| 13 | Food Safety Registration (Form A) | Rs.25 + Rs.3 per page for scanning and printing | Yes |
| 14 | Food Safety Licence (Form B) | Rs.40 + Rs.3 per page for scanning and printing + Rs.15 transaction charge | Yes |
| 15.a | Food Safety Renewal (Form A) | Rs.10 + Rs.3 for print/scan | Yes |
| 15.b | Food Safety Renewal (Form B) | Rs.10 + Rs.3 for print/scan + Rs.15 transaction charge | Yes |
| 16 | KEAM (Entrance Exam Application) | Rs 50/- | Yes |
| 17 | National Scholarship for Minority (Prematric) Scholarship | Rs.60/- including printing & scanning | Yes |
| 18 | National scholarship (Postmatric) | Rs.70/- including printing & scanning | Yes |